# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. *130 — 13.06.2014-ലെ മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട് വിനിയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.ശർമ<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.ആർ.രാജേഷ്<br>ശ്രീമതി.കെ.എസ്.സലീഖ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) 2013-14 സാമ്പത്തിക വർഷത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട് വിനിയോഗം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ; | എ) ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ജില്ലാ ആസൂത്രണ സമിതിയുടെയും ബന്ധപ്പെട്ട വകുപ്പുകളുടെയും വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ സമിതിയുടെയും തലങ്ങളിൽ ഒട്ടേറെ തവണ അവലോകനം നടത്തിയിട്ടുണ്ട്. |
| ബി) വികസന ഫണ്ടിന്റെ അൻപതു ശതമാനം അടുത്ത വർഷത്തേയ്ക്ക് ഉപയോഗിക്കാൻ നിർദ്ദേശം നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;<br><br>സി) ഇത്തരത്തിൽ ഒരു നിർദ്ദേശം നൽകുവാനുണ്ടായ സാഹചര്യം എന്തായിരുന്നു എന്നറിയിക്കുമോ ;<br><br>ഡി) ഇത് പദ്ധതി നിർവ്വഹണത്തെയും ഫണ്ട് വിനിയോഗത്തെയും സാരമായി ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | ബി, സി, & ഡി)<br><br>ഉണ്ട്. പകർപ്പിതോടൊപ്പം ലഭ്യമാക്കുന്നു. ലോകസഭയിലേക്കുള്ള തെരഞ്ഞെടുപ്പ് ഉൾപ്പെടെ ഒട്ടേറെ സാങ്കേതിക - ഭരണ കാരണങ്ങളാൽ ലക്ഷ്യമാക്കിയ വിനിയോഗ ശതമാനം കൈവരിക്കാൻ കഴിയാതെ വന്നേക്കാമെന്ന് പ്രതീക്ഷിക്കപ്പെട്ടതിനാൽ തുടർ വർഷം സ്പിൽ ഓവറായും മറ്റും പദ്ധതികൾ പൂർത്തീകരിക്കണമെന്നതിനാലാണ് മുൻ വർഷങ്ങളിലെപ്പോലെ നിശ്ചിത ശതമാനം ക്യാരി ഓവർ ചെയ്യാൻ അനുവദിക്കാമെന്ന് കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചത്.<br>ഇത് പദ്ധതി നിർവ്വഹണത്തെയും ഫണ്ട് വിനിയോഗത്തെയും സഹായിക്കുകയാണ് ചെയ്യുക. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ജില്ലാ പഞ്ചായത്തുകൾക്കും, മുനിസിപ്പാലിറ്റികൾക്കും, കോർപ്പറേഷനുകൾക്കും 2013-14 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ടിൽ ചെലവഴിക്കപ്പെടാൻ സാധ്യതയില്ലാത്ത തുക ക്യാരി ഓവർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 918/2014/തസ്വഭവ തിരുവനന്തപുരം, തീയതി: 29.03.2014.

---

പരാമർശം :-(1) 17.03.2014-ലെ സ.ഉ(സാധാ)നം.784/2014/ത.സ്വ.ഭ.വ
(2) 26.03.2014-ലെ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി തീരുമാനം ഇനം നമ്പർ 2.3

## ഉത്തരവ്

സൂചന 2-ലെ കോ-ഓർഡിനേഷൻ സമിതി തീരുമാനപ്രകാരം ജില്ലാ പഞ്ചായത്തുകൾക്കും, മുനിസിപ്പാലിറ്റികൾക്കും, കോർപ്പറേഷനുകൾക്കും വികസന ഫണ്ടിന്റേയും മെയിന്റനൻസ് ഫണ്ടിന്റേയും 2013-14 സാമ്പത്തിക വർഷത്തിൽ ചെലവഴിക്കാത്ത പരമാവധി 50% തുക 2014-15 വർഷത്തേയ്ക്ക് ക്യാരി ഓവർ ചെയ്യാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സി.വത്സല
ഗവ. ജോയിന്റ് സെക്രട്ടറി

1. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും, സെക്രട്ടറിമാർക്കും
3. എല്ലാ മുൻസിപ്പൽ ചെയർപേഴ്സൻമാർക്കും, സെക്രട്ടറിമാർക്കും
4. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
5. എല്ലാ ജില്ലാ കളക്ടർമാർക്കും, ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന പ്ലാനിംഗ് ബോർഡ്
7. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
8. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
9. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം.
10. ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
11. സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ്, തിരുവനന്തപുരം
12. സെക്രട്ടറി, മുൻസിപ്പൽ ചെയർ പേഴ്സൻമാരുടെ ചേംബർ
13. സെക്രട്ടറി, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടുമാരുടെ ചേംബർ
14. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
15. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ